"ഭരണഭാഷ മാതൃഭാഷ"

<u>അനുബന്ധം H 4</u>

**നോട്ടീസ്**

കോഴിക്കോട് ആർട് സ് & സയൻസ് കോളേജിലെ ക്ലാർക്ക് ശ്രീ. അഭിനന്ദ് . എം. വി.(നിലവിൽ സസ്പെൻഷനിൽ)-യെ അറിയിക്കുന്നത്,

1960 -ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതര വീഴ്ച വരുത്തിയതിനും അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുന്നതിനും 22.04.2019-ലെ ഈ കാര്യാലയത്തിലെ നം . വിസി/34303/2018/കോവിവ പ്രകാരം താങ്കൾക്ക് കുറ്റപത്രവും കുറ്റാരോപണ മെമ്മോയും നല്കിയിരുന്നു. എന്നാൽ താങ്കളുടെ പ്രതിവാദ പത്രിക തൃപ്തികരമല്ലാത്തതിനെ തുടർന്ന് ഔപചാരിക അന്വേഷണത്തിന് നിയോഗിച്ചിരുന്ന കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ അന്വേഷണ ഉദ്യോഗസ്ഥൻ ശ്രീ. ടി. മണി 21.10.2021-തീയതിയിൽ ഹിയറിങ്ങിന് ഹാജരാകാൻ നിർദ്ദേശിച്ചുകൊണ്ട് അറിയിപ്പ് നൽകിയിരുന്നെങ്കിലും താങ്കൾ അത് കൈപറ്റാത്തതിനാൽ തപാലാധികൃതർ മടക്കി അയക്കുകയാണ് ഉണ്ടായത്. ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് പത്ത് (10) ദിവസങ്ങൾക്കകം കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ അന്വേഷണ ഉദ്യോഗസ്ഥൻ ശ്രീ. ടി . മണി -യുടെ മുന്നിൽ താങ്കൾ നിർബന്ധമായും ഹാജരാകണമെന്നും , അന്വേഷണ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടിട്ടും ഹാജരാകാത്തതിന് വിശദീകരണം നൽകണമെന്നും അറിയിക്കുന്നു. താങ്കൾ പ്രസ്തുത സമയ പരിധിക്കുള്ളിൽ ഹാജരായി വിശദീകരണം നൽകാത്ത പക്ഷം ഈ വിഷയത്തിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ താങ്കൾക്കെതിരെയുള്ള അച്ചടക്ക നടപടിയിൽ തുടർ നടപടി സ്വീകരിച്ച് ശിക്ഷയിൽ തീരുമാനം കൈകൊണ്ട് ഉത്തരവാകുന്നതാണ്. താങ്കൾക്കെതിരെയുള്ള ഔപചാരിക അന്വേഷണത്തിന് നിയോഗിച്ച് ഉത്തരവായതിന്റെ പൂർണ്ണ രൂപം ആവശ്യമെങ്കിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ പക്കൽ നിന്നും ലഭിക്കുന്നതിനായി താങ്കളുടെ മേൽവിലാസം രേഖപ്പെടുത്തിയ അപേക്ഷ ഓഫീസ് സമയത്ത് താങ്കൾക്ക് നൽകാവുന്നതും നിശ്ചിത സമയത്തിനുള്ളിൽ അവ താങ്കൾക്ക് അയച്ച് തരുന്നതുമാണ്.

സജിത്ത്. കെ.ഐ.
നിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ശ്രീ . അഭിനന്ദ് . എം.വി
മണൽവാതുക്കൽ
മടപ്പള്ളി, മടപ്പള്ളി കോളേജ് . പി.ഒ.
കോഴിക്കോട് 673102